# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 2785 — 20-07-2011-ൽ മറുപടിക്ക്

## ഈ-പേയ്മെന്റ് സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>,, കെ. ശിവദാസൻ നായർ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ ഈ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്.<br>വൈദ്യുതി ബോർഡിൽ ഈ-പേയ്മെന്റ് സംവിധാനം 06.07.2011 ന് നിലവിൽ വന്നു. ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ തുക വിസാ-മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്-ക്രെഡിറ്റ് കാർഡുകളിലൂടെയും, ഏകദേശം 35 ഓളം വിവിധ ബാങ്കുകൾ വഴി നെറ്റ് ബാങ്കിങ്ങിലൂടെയും ഇന്റർനെറ്റ് വഴി പണം അടയ്ക്കുന്നതിനുള്ള സൗകര്യമാണ് ഈ പേയ്മെന്റ് സംവിധാനത്തിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. തുടക്കമെന്ന നിലയിൽ എച്ച്.റ്റി-ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്കാണ് ഈ സൗകര്യം ലഭിക്കുക. ഇതോടൊപ്പം തന്നെ ഉപഭോക്താക്കൾക്ക് അവരുടെ ഉപഭോഗം വിശദമായി മനസ്സിലാക്കുന്നതിനും, കാലാകാലങ്ങളിൽ അടച്ചിട്ടുള്ള വൈദ്യുതി ബിൽ തുക, വൈദ്യുതി കണക്ഷൻ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ എന്നിവ ഇന്റർനെറ്റിലൂടെ അറിയുന്നതിനുമുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വൈദ്യുതി ബിൽ തുക അടയ്ക്കേണ്ട തീയതി, വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ എസ്.എം.എസ് വഴി അറിയിക്കുന്നതിനുള്ള സംവിധാനവും ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. |

(....2)

നിലവിൽ വൈദ്യുതി ബോർഡിന്റെ www.kseb.in എന്ന വെബ്സൈറ്റ് വഴി ഈ സേവനങ്ങൾ പ്രയോജനപ്പെടുത്തുവാൻ എച്ച്.റ്റി-ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്ക് കഴിയും. വൈദ്യുതി ബോർഡിന് വേണ്ടി ഐ.ഡി.ബി.ഐ ബാങ്കാണ് പേയ്മെന്റ് ഗേറ്റ് വേ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

(ബി) എങ്കിൽ ഏതൊക്കെ വിഭാഗം വൈദ്യുതി ഉപഭോക്താക്കൾക്കാണ് പ്രസ്തുത സംവിധാനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ബി) ഇപ്പോൾ എച്ച്.റ്റി-ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്കാണ് ഈ-പേയ്മെന്റ് സംവിധാനം ബാധകമാക്കിയിട്ടുള്ളത്. ഭാവിയിൽ എല്ലാ ഉപഭോക്താക്കൾക്കും ഈ സംവിധാനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ